## പതിനാലാം കേരള നിയമസഭ
### നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3780
### 15.03.2017- ലെ മറുപടിക്ക്

### വികസന പ്രവൃത്തികൾക്ക് വേഗത്തിൽ അനുമതി നൽകാൻ നടപടി

| ചോദ്യം<br>**ശ്രീ.തോമസ് ചാണ്ടി** | ഉത്തരം<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
|---|---|
| (എ) വികസന പ്രവർത്തികൾക്ക വേഗത്തിൽ വിവിധ അനുമതികൾ നൽകാൻ സ്വീകരിച്ച വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | സംസ്ഥാന സർക്കാരിന്റെ പദ്ധതി പ്രവർത്തനങ്ങൾക്ക് ത്വരിത ഗതിയിൽ ഭരണാനുമതി നല്കുന്നതിലേക്കായി വാർഷിക പദ്ധതി രേഖയെ മുൻ ഗണനാടിസ്ഥാനത്തിൽ 'Green Book' -ൽ ഉൾപ്പെടുത്തുന്നതിലേക്കായി 09.12.2015-ലെ G.O(P)No. 561/2015/Fin. പ്രകാരം ഉത്തരവായിരുന്നു. Green Book-ൽ ഉൾപ്പെടുത്തുന്ന പദ്ധതി പ്രവർത്തനങ്ങൾക്ക് അതാത് ഭരണവകുപ്പിൽ നിന്നും ഏപ്രിൽ മാസത്തിൽ തന്നെ ഭരണാനുമതി നൽകാവുന്നതാണ്. 2017-18-ലും ടി പ്രക്രിയ തുടരുന്നതിലേക്കായി G.O(P)No. 08/2017/Fin. Dtd.25.01.2017 നമ്പർ ഉത്തരവാകുകയും മേൽ നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.<br><br>2016-17 സാമ്പത്തിക വർഷത്തിൽ എല്ലാ ചൊവ്വാഴ്ചകളിലും (ആകെ 28 യോഗം) പ്രത്യേക കർമ്മ സമിതിയുടെ യോഗം ചേർന്ന് 5 കോടിക്ക് മുകളിലുള്ള പദ്ധതി പ്രവർത്തനങ്ങൾക്ക് |

| | |
|---|---|
| | ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുവാനുള്ള പ്രത്യേക കർമ്മ സമിതിയുടെ സാമ്പത്തികാധികാരം 2017-18 സാമ്പത്തിക വർഷം മുതൽ 10 കോടി രൂപയ്ക്കു മുകളിലായി നിജപ്പെടുത്തിക്കൊണ്ടു G.O(P)No. 4/2017/Fin. Dtd.18.01.2017 പ്രകാരം ഉത്തരവായിട്ടുണ്ട്. 10കോടി വരെയുള്ള പദ്ധതി പ്രവർത്തനങ്ങൾക്ക് വകുപ്പ്തല കർമ്മ സമിതികൾക്കു തന്നെ ഭരണാനുമതി നൽകുവാൻ സാധിക്കുന്നതാണ്. |
| (ബി) ഭരണാനുമതി, സാമ്പത്തി കാനുമതി, സാങ്കേതികാനുമതി തുടങ്ങിയവ ലഭിക്കുന്നതിൽ വരുന്ന വലിയ കാലതാമസം കാരണം വികസന പ്രവർത്തികൾ മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ഭരണാനുമതി, സാമ്പത്തികാനുമതി, സാങ്കേതികാനുമതി തുടങ്ങിയവ ലഭിക്കുന്നതിൽ വരുന്ന കാലതാമസം കാരണം വികസന പ്രവർത്തികൾ മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) ആസ്തി വികസന പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികൾക്ക് ജില്ലാ തലത്തിൽ വിവിധ അനുമതികൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | ആസ്തി വികസന പദ്ധതികളുടെ ഭരണാനുമതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് 22.07.2015-ലെ സർക്കുലർനം.67/2015/Fin - പ്രകാരം നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി വികസന പദ്ധതിയിൽ ശുപാർശ ചെയ്യുന്ന പദ്ധതികൾക്ക് ജില്ലാ തലത്തിൽ അനുമതി നൽകുന്നത് ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ